ഇ2(1)9372/04 വോള്യം-2

തൃശ്ശൂർ നഗരസഭ,
വൈദ്യുതി വിഭാഗം,
തീയതി : 20.07.2026

## താൽപര്യ പത്ര വിജ്ഞാപനം

പരാമർശം: തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിൽ തീരുമാനം നം. 86 തിയ്യതി : 24.06.2026.

തൃശ്ശൂർ നഗരസഭ വൈദ്യുതി വിഭാഗം ബില്ലിംഗ് വിഭാഗത്തിലേയ്ക്ക് 8 സ്പോട്ട് ബില്ലർ/മീറ്റർ റീഡർമാരായി ഒരു റീഡിംഗിന് ( LT Bi-Monthly Spot Billing Rs.5.81Paise+GST, Prosumer wih Grid Connected Solar Rs.17.3paise + GST, LT Bi-Monthly ToD Meter Reading Rs.7.41/-paise +GST) എന്ന നിരക്കിലാണ് പ്രതിഫലം നിശ്ചയിച്ചിരിക്കുന്നത്. ടി നിരക്കിൽ സേവനം അനുഷ്ഠിക്കുവാൻ താൽപര്യമുള്ള ഉദ്യോഗാർത്ഥികളെ ലഭ്യമാക്കുന്നതിന് പ്രാപ്തിയുള്ള കരാറുകാരിൽ നിന്നും താൽപര്യ പത്രങ്ങൾ ക്ഷണിക്കുന്നു.

**നിബന്ധനകൾ** :

1. താൽപര്യപത്രത്തിൽ രേഖപ്പെടുത്തുന്ന നിരക്കുകളിൽ കരാർ കാലാവധിയിൽ ഭേദഗതി അനുവദിക്കുന്നതല്ല.
2. നിശ്ചിതമാതൃകയിലുള്ള താൽപര്യ പത്രങ്ങൾ പുസ്തകത്തിൽ നിരക്കുകൾ രേഖപ്പെടുത്തി സമർപ്പിക്കേണ്ടതാണ്.
3. താൽപര്യ പത്രങ്ങളിൽ രേഖപ്പെടുത്തിയ നിരക്ക് ജി.എസ്.ടി. ഉൾപെടെയുള്ളതായി കണക്കാക്കുന്നതാണ്.
4. കരാറുകാരന് ജി.എസ്.ടി., തൊഴിൽ വകുപ്പ് അനുശാസിക്കുന്ന രജിസ്ട്രേഷൻ എന്നിവ ഉണ്ടായിരിക്കേണ്ടതാണ്.
5. ഉദ്യോഗാർത്ഥികൾ കുറഞ്ഞത് 50% മാർക്കോടെ ഐ.ടി.ഐ. ഇലക്ട്രിക്കൽ വിദ്യാഭ്യാസ യോഗ്യത ഉണ്ടായിരിക്കേണ്ടതാണ്.
6. റീഡിംഗിന് നിശ്ചയിക്കപ്പെട്ട വേതനം കൂടാതെ യാതൊരുവിധ അധിക സാമ്പത്തിക ആനുകൂല്യങ്ങൾക്കും തുടർ നിയമനങ്ങൾക്കും അർഹത ഉണ്ടായിരിക്കുന്നതല്ല.
7. താൽപര്യ പത്രങ്ങളിൽ 31.07.2026 അപരാഹ്നം 2 മണിയ്ക്ക് മുൻപായി വൈദ്യുതി വിഭാഗം കാര്യാലയത്തിൽ ലഭിച്ചിരിക്കേണ്ടതാണ്.
8. മുദ്രവച്ച താൽപര്യപത്രങ്ങൾ കവറിന് പുറത്ത് ‘‘സ്പോട്ട് ബില്ലർ/മീറ്റർ റീഡർ ജീവനക്കാരെ ലഭ്യമാക്കുന്നതിനുള്ള താൽപര്യ പത്രം’’ എന്ന് രേഖപ്പെടുത്തിയിരിക്കണം.

DESPATCHED
Date 20/7/2026
DESPATCH CLERK

Scanned with OKEN Scanner

9. താൽപര്യ പത്രങ്ങൾ നിരസിക്കുന്നതിനും നടപടികൾ മാറ്റിവെക്കുന്നതിനും വിജ്ഞാപനം നടത്തുന്ന ഉദ്യോഗസ്ഥന് വിവേചനാധികാരം ഉണ്ടായിരിക്കുന്നതാണ്.

10. തിരഞ്ഞെടുക്കപ്പെടുന്ന കരാറുകാരൻ ലഭ്യമാക്കുന്ന ഉദ്യോഗാർത്ഥികൾക്ക് ഇൻഷ്വൂറൻസ് പരിരക്ഷ ഉറപ്പുവരുത്തേണ്ടതാണ്.

11. കരാറുകാരൻ താൽപര്യ പത്ര വിജ്ഞാപനം നടത്തുന്ന ഉദ്യോഗസ്ഥൻ നിർദേശിക്കുന്ന മാതൃകയിൽ ഇത് സംബന്ധിച്ച് ഒരു ഉടമ്പടി സമർപ്പിക്കേണ്ടതാണ്.

12. കൂടുതൽ വിവരങ്ങൾ പ്രവൃത്തി സമയത്ത് കാര്യാലയത്തിൽ ലഭ്യമാണ്.

13. കൂടാതെ താഴെ ചേർത്തിരിക്കുന്ന വെബ് സൈറ്റിൽ താൽപര്യ പത്രം സംബന്ധമായ വിവരങ്ങൾ ലഭ്യമാണ്.

14. പ്രധാനപ്പെട്ട തീയതികളും സമയവും താഴെ ചേർത്തിട്ടുള്ളതാണ്.

15. തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥികൾ അസിസ്റ്റന്റ് എഞ്ചിനീയർ/ സീനിയർ സൂപ്രണ്ട് (ബില്ലിംങ്) എന്നിവരുടെ മേൽനോട്ടത്തിനും, നിയന്ത്രണാധികാരത്തിനും നിർദേശത്തി നും കൃത്യനിർവഹണം ചെയ്യുവാൻ ബാധ്യസ്ഥരായിരിക്കും.

Website : www.tced.in
Closure of Expression of Interest at : 31.07.2026 on 2.P.M
Opening of Expression of Interest at 31.07.2026 on 4.P.M

എൻ.കെ.കൃഷ്ണകുമാർ
അസിസ്റ്റന്റ് സെക്രട്ടറി

പകർപ്പ് : നോട്ടീസ് ബോർഡ്

N K KRISHNAKUMAR
ASSISTANT SECRETARY
ELECTRICITY DEPARTMENT
THRISSUR MUNICIPAL CORPORATION
PEN - 743648
PH No: 8921037768

Scanned with OKEN Scanner